**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 296** **09-10-2025 - ൽ മറുപടിയ്ക്ക്**

**മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. കെ. ജെ. മാക്സി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മുതിർന്ന പൗരന്മാരുടെ ക്ഷേമവും അന്തസ്സും കരുതലും ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | മുതിർന്ന പൗരന്മാരുടെ ക്ഷേമവും അന്തസ്സും കരുതലും ഉറപ്പാക്കുന്നതിനായി മുതിർന്നപൗരന്മാരുടെ ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം -2007 നടപ്പിലാക്കുന്ന പദ്ധതി, സായംപ്രഭ ഹോം പദ്ധതി, മാതൃകാ സായംപ്രഭ ഹോം പദ്ധതി, വയോസേവന അവാർഡ്, വയോമധുരം, വയോഅമൃതം, മന്ദഹാസം, വയോരക്ഷ, വയോമിത്രം ,ഓർമ്മത്തോണി പദ്ധതി, സർക്കാർ സ്നേഹാലയങ്ങൾ, കിടപ്പുരോഗികളായ വയോജനങ്ങളെ സംരക്ഷിക്കുന്നതിനായുള്ള സംരക്ഷണ കേന്ദ്രം, എൽഡർലൈൻ പദ്ധതി, സ്മൃതിപഥം പ്രോജക്ട്, State Resource Centre for Older People Project എന്നീ പദ്ധതികൾ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. വയോജനങ്ങൾക്കായി 17 സർക്കാർ സ്നേഹാലയങ്ങളും ഓർഫണേജ് കൺട്രോൾ ബോർഡ് ഗ്രാന്റ് ലഭ്യമാകുന്ന 199 സ്നേഹാലയങ്ങളും പ്രവർത്തിച്ചു വരുന്നു.<br><br>വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനും, വയോജനങ്ങളുടെ പുനരധിവാസം സാധ്യമാക്കുന്നതിനും അവരുടെ കഴിവുകളും പരിചയസമ്പത്തും പൊതുസമൂഹത്തിന് പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികളും പ്രവർത്തനങ്ങളും ഏറ്റെടുത്തുനടത്തുന്നതിനും അവകാശസംരക്ഷണം ഉറപ്പു വരുത്തുന്നതിനുമായി സംസ്ഥാനത്ത് രാജ്യത്തെ ആദ്യ വയോജന കമ്മീഷന് രൂപം കൊടുത്തിട്ടുണ്ട്.<br><br>വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവും, സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്ത് വയോജന കൗൺസിൽ പ്രവർത്തിച്ചു |

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്. ഇതുകൂടാതെ 2025-2026 സാമ്പത്തികവർഷം മുതൽ പുതിയ പദ്ധതികളായ സല്ലാപം, റാപ്പിഡ് റെസ്പോൺസ് ടീമുകൾ (RRT), വയോജന സ്കിൽ ബാങ്ക്, വയോസാന്ത്വനം എന്നീ പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>വയോജനങ്ങളുടെ ക്ഷേമത്തിനും ആവശ്യമുള്ളവർക്ക് സാന്ത്വനപരിചരണം ലഭ്യമാക്കുന്നതിനും വേണ്ടി വാർഷിക പദ്ധതിയിൽ ഒരു പ്രത്യേക പദ്ധതി രൂപീകരിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വയോജനങ്ങൾക്ക് ശാരീരിക - മാനസിക, സാംസ്കാരിക പിന്തുണാ സംവിധാനവും സുരക്ഷിതത്വവും ഉറപ്പാക്കുന്ന പ്രോജക്ടുകളാണ് മുൻഗണന നൽകി ഇതിനായി ഏറ്റെടുക്കേണ്ടത്. വയോജന ക്ഷേമത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വിഹിതത്തിന്റെ 5% നീക്കിവെക്കുന്നുണ്ട്. പുതിയ പൊതു കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അവ വയോജന സഹൃദം ആണെന്ന് ഉറപ്പുവരുത്തുന്നുമുണ്ട്. വയോജനങ്ങൾക്കായി 'സായംപ്രഭാ ഹോം', പകൽവീട് എന്നിവ നടത്തി വരുന്നുണ്ട്. എൽഡർ ലൈൻ ടോൾഫ്രീ നമ്പർ വഴി മുതിർന്നപൗരന്മാരുടെ പരാതി പരിഹരിച്ച് ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തുന്നുണ്ട്. വയോജനങ്ങളുടെ ശാരീരിക മാനസിക ആരോഗ്യത്തിനായി പാർക്കുകൾ, വയോജന ക്ലബുകൾ എന്നിവയും രൂപീകരിക്കുന്നുണ്ട്. വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങളായ വാക്കർ, വോക്കിങ്ങ് സ്റ്റിക്ക്, കട്ടിൽ എന്നിവയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ വിതരണം ചെയ്തു വരുന്നു. |
| (ബി) | വയോജനങ്ങൾക്ക് വീട്ടിൽ തന്നെ അടിസ്ഥാന സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വീട്ടിൽ പരിചരണം ആവശ്യമായ വയോജനങ്ങളെ പരിചരിക്കുന്ന പരിചാരകർക്ക് ട്രെയിനിംഗ് ലഭ്യമാക്കുന്നതിനും, വയോജനങ്ങൾക്കുണ്ടാകുന്ന വീഴ്ചകൾ അവരെ കിടപ്പുരോഗികളാക്കുന്നതായി പഠനങ്ങൾ ലഭ്യമായ സാഹചര്യത്തിൽ വീഴ്ചരഹിത അന്തരീക്ഷം വയോജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും കേരള ആരോഗ്യ സർവ്വകലാശാല മുഖേന പരിശീലനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കേരള സാമൂഹ്യസുരക്ഷമിഷൻ മുഖേന നടപ്പാക്കുന്ന വയോമിത്രം പദ്ധതിയിലൂടെ 'വാതിൽപ്പടി സേവനം' എന്ന ഘടകം ഉൾപ്പെടുത്തി ഡോക്ടർമാർ ഉൾപ്പെടെയുള്ള ടീം കിടപ്പുരോഗികൾ, ഭിന്നശേഷിക്കാർ ആയിട്ടുള്ള മുതിർന്നപൗരന്മാർ എന്നിവരുടെ വീടുകളിൽ എത്തി ചികിത്സ, മരുന്നുകൾ, പാലിയേറ്റീവ് കെയർ എന്നീ സേവനങ്ങൾ നല്കി വരുന്നു. കൂടാതെ കിടപ്പുരോഗികളായ |

| | | | |
|---|---|---|---|
| | | | വയോജനങ്ങൾക്കായി സംസ്ഥാന സർക്കാരിന്റെ പാലിയേറ്റീവ് കെയർ പദ്ധതി ആരംഭിച്ചിട്ടുണ്ട്.<br><br>വയോജനങ്ങളെ പരിചരിക്കുന്ന ഹോം നഴ്സുമാരുടെ സേവനം സംബന്ധിച്ചും അവരെ നിയോഗിക്കുന്ന ഏജൻസികളെയും നിയന്ത്രിക്കുന്നത് സംബന്ധിച്ചുമുള്ള സമഗ്ര നിയമനിർമ്മാണത്തിന്റെ കരട് പരിശോധിച്ചുവരുന്നു.<br><br>പ്രായാധിക്യം, ഗുരുതരരോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ട് അവശത അനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യ സേവനങ്ങളായ മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യ സുരക്ഷ പെൻഷൻ അപേക്ഷ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായ അപേക്ഷ, ജീവൻരക്ഷാ മരുന്നുകൾ എന്നിവ അവരുടെ വീട്ടുകളിൽ സന്നദ്ധ പ്രവർത്തകർ വഴി എത്തിക്കുന്നതിനായി വാതിൽപ്പടി സേവനം എന്ന പദ്ധതി തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്.കൂടാതെ കിടപ്പുരോഗികളായ വയോജനങ്ങൾക്ക് സാന്ത്വന പരിചരണവും തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി നൽകുന്നുണ്ട്. |
| (സി) | വയോജനങ്ങൾക്ക് സർക്കാർ ആശുപത്രികളിൽ പ്രത്യേക ആരോഗ്യ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ ആശുപത്രികളിലെല്ലാം തന്നെ വയോജനങ്ങൾക്ക് പ്രത്യേക ആരോഗ്യ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 16 പ്രധാന ആശുപത്രികളിൽ ജെറിയാട്രിക് വാർഡ്, ജെറിയാട്രിക് ഒ പി എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. വയോജനങ്ങൾക്ക് പ്രത്യേകമായി ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്ന് മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിനുകീഴിലെ പി.എച്ച്സികൾ മുഖേന സൗജന്യമായി നൽകി വരുന്നുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ജെറിയാട്രിക് ഒ.പി- യും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റീജിയണൽ ജെറിയാട്രിക് ഒ. പി-യും പ്രവർത്തിക്കുന്നുണ്ട്. അവിടെ ജെറിയാട്രിക് രോഗികൾക്ക് മാത്രമായി 30 കിടക്കകളുള്ള വാർഡും ഫിസിയോതെറാപ്പി യൂണിറ്റും സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ വയോജനങ്ങൾക്കുവേണ്ടിയുള്ള Tertiary Care സംവിധാനവും ലഭ്യമാണ്. തിങ്കൾ മുതൽ ശനി വരെ ജെറിയാട്രിക് ഒ.പി പ്രവർത്തിക്കുന്നുണ്ട്. ഈ സെന്ററിൽ തിരുവനന്തപുരം ജില്ലയിലെ ആരോഗ്യ പ്രവർത്തകർക്കും പരിശീലനം നൽകുന്നുണ്ട്. എം. ബി.ബി.എസ്, മെഡിസിൻ പി.ജി വിദ്യാർത്ഥികൾക്കും |

| | | | |
|---|---|---|---|
| | | | ഇതു സംബന്ധിച്ചുള്ള പരിശീലനം നൽകുന്നുണ്ട്. പൊതുവായ ഹെൽപ്പ് ഡെസ്ക് സംവിധാനമാണ് നിലവിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്നത്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ജെറിയാട്രിക്സ് വിഭാഗം ആരംഭിക്കുന്നതിനായി, പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ, 2-സീനിയർ റസിഡന്റ് എന്നീ തസ്തികകൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സൃഷ്ടിച്ചിട്ടുണ്ട്. MD ജെറിയാട്രിക് കോഴ്സ് മെഡിക്കൽ കോളേജിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈകൊണ്ടുവരുന്നു.<br><br>ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കിഴിലുള്ള എല്ലാ ആശുപത്രികളിലും ഫിസിയോതെറാപ്പി യൂണിറ്റുകൾ സജ്ജമാക്കിയിട്ടുണ്ട്. ആന്റി സ്കിഡ് ടൈലുകൾ, വയോജന സഹൃദ ശൗചാലയങ്ങൾ, റാമ്പുകൾ, റെയിലുകൾ എന്നീ സൗകര്യങ്ങൾ അടങ്ങുന്നവയാണ് ജെറിയാട്രിക് കെയർ വാർഡുകൾ .വയോജനങ്ങൾക്ക് പ്രത്യേക ക്യൂവോ അല്ലെങ്കിൽ ക്യൂ ഇല്ലാതെയോ സേവനങ്ങൾ നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ നിലവിലുണ്ട്. സർക്കാർ ആശുപത്രിയിലെ എല്ലാ സേവനങ്ങളും വയോജനങ്ങൾക്ക് സൗജന്യമായി നൽകാനുള്ള നിർദ്ദേശവും നൽകിയിട്ടുള്ളതാണ്. പ്രധാന ആശുപത്രികൾക്ക് പുറമെ, എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ഒരു ഫിസിയോതെറാപ്പിസ്റ്റിന്റെയും ഒരു സ്റ്റാഫ് നേഴ്സിന്റെയും സേവനം ഉറപ്പാക്കിയിട്ടുണ്ട്. എല്ലാ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും മുതിർന്നപൗരന്മാർക്കായി ഫിസിയോതെറാപ്പി സംവിധാനം പ്രവർത്തിച്ചുവരുന്നു. |
| (ഡി) | ഗ്രാമ പ്രദേശങ്ങളിലെയും പിന്നാക്ക വിഭാഗങ്ങളിലെയും വയോജനങ്ങൾക്കായി പ്രത്യേക മാതൃകാ പ്രവർത്തനങ്ങൾ ലഭ്യമാക്കുന്നുണ്ടോ; വിശദാംശം നൽകാമോ? | (ഡി) | സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾ ഗ്രാമപ്രദേശങ്ങളിലെ വയോജനങ്ങൾക്കും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വയോജനങ്ങൾക്കായുള്ള വ്യക്തിഗത ഗുണഭോക്തൃ പദ്ധതികളായ മന്ദഹാസം, വയോമധുരം എന്നിവ ഓൺലൈൻ മുഖേന ആക്കുന്നതിനും വയോജനങ്ങൾക്ക് വകുപ്പിന്റെ കാര്യാലയങ്ങളെത്തി ആനുകൂല്യം ലഭ്യമാക്കുന്നത് ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള പകൽപരിപാലന കേന്ദ്രങ്ങളെ സായംപ്രഭ ഹോമുകളാക്കി അപ്ഗ്രേഡ് ചെയ്യുന്ന സായംപ്രഭ പദ്ധതി സംസ്ഥാനത്തെ എല്ലാ ഗ്രാമപ്രദേശങ്ങളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ടി സായംപ്രഭ ഹോമുകൾ പരമാവധി പഞ്ചായത്തുകളിൽ ലഭ്യമാക്കുക വഴി |

| | | | |
|---|---|---|---|
| | | | വയോജനങ്ങളുടെ ആരോഗ്യ, സാമൂഹ്യ, സ്ഥിതിയുടെ പുരോഗതി സാധ്യമാണ്.<br><br>പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ട് അവശത അനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യമായ സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ എത്തിക്കുന്നതിനായി വാതിൽപ്പടി സേവനം എന്ന പദ്ധതി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നുണ്ട്. കൂടാതെ പകൽവീടുകളും, വയോജന പരിപാലന കേന്ദ്രങ്ങളും തദ്ദേശ ഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തിവരുന്നുമുണ്ട്. ഗ്രാമപ്രദേശങ്ങളിലെയും പിന്നോക്ക വിഭാഗങ്ങളിലെയും വയോജനങ്ങൾക്ക് വേണ്ടി വയോജന സമിതി, ജാഗ്രത സമിതി എന്നിവ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്.<br><br>കിടപ്പുരോഗികളായ വയോജനങ്ങൾക്കു വേണ്ടി ആലപ്പുഴ ജില്ലയിൽ ആറാട്ടുപുഴയിൽ പ്രത്യേക സ്നേഹാലയം പ്രവർത്തിച്ചു വരുന്നു. ഡിമെൻഷ്യ ബാധിച്ച വയോജനങ്ങൾക്കായി എറണാകുളം ജില്ലയിൽ പ്രത്യേക സ്നേഹാലയം പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ